(ബി) തിരുവന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകൾ ഉൾപ്പെടുന്ന സൗത്ത് സോണിലും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന നോർത്ത് സോണിലും മല പ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകൾ ഉൾപ്പെടുന്ന സെൻട്രൽ സോണിലും കൂടി അഞ്ച് ഡ്രയറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(സി) കേരഫെഡ് നോരിട്ടോ അംഗസംഘങ്ങളുടെ സഹകരണ ത്തോടുകൂടിയോ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഏതു രീതിയിൽ ആയിരിക്കണമെന്ന് തീരുമാനമെടുത്തിട്ടില്ല.

നെല്ല് സംഭരണം

77 (1071) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം സർക്കാർ നെല്ല് സംഭരണം നടത്തുകയു ണ്ടായോ;

(ബി) എങ്കിൽ എന്തു വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലു സംഭരണം നടത്തിയിരുന്നു.

(ബി) മുണ്ടകൻ, പുഞ്ച സീസണുകളിൽ സംഭരണവില നിശ്ചയിക്കു ന്നത് അതത് ജില്ലകളിലെ കമ്മിറ്റിയാണ്. കഴിഞ്ഞ വർഷം വിരിപ്പ് സീസനു മാത്രമായി സർക്കാർ നിശ്ചയിച്ച സംഭരണവില വെള്ള അരിയുടെ നെല്ല് കിന്റ ലിന് 600 രൂപയും മട്ട അരിയുടെ നെല്ല് 650 രൂപയുമാണ്. മുണ്ടകൻ, പുഞ്ച സീസണുകളിൽ കിന്റലിന് ആലപ്പുഴ രൂപ 700-725, കോട്ടയം രൂപ 735, പാല ക്കാട് 650-700, തൃശ്ശൂർ 700-740 രൂപയ്ക്കാണ് സംഭരണം നടത്തിയത്.

നെൽപ്പാടങ്ങൾ നികത്തുന്നത് സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

78 (1073) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങൾ നികത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠി ക്കുവാൻ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടും ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ആക്ഷേപത്തിന്റെ നിജസ്ഥിതി അറിയിക്കുമോ;

(എഫ്) റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരി ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് ഗവൺമെന്റ് എടുത്ത നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെൽപ്പാടങ്ങൾ നികത്തുന്നത് സംബന്ധിച്ച് കാര്യങ്ങൾ പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നില്ല. നെൽകൃഷി രംഗത്ത് പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) 1999 ജൂലൈ മാസത്തിൽ

(സി) റിപ്പോർട്ട് സർക്കാർ സമഗ്രമായി പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മന്ത്രിസഭ പരിഗണിച്ചശേഷം പരിഗണിക്കുന്നതാണ്.

(ജി) റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുകയാണ്.

ഹോർട്ടിക്കൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ

79 (1077)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടിക്കൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭത്തിലാണെങ്കിൽ എന്തു തുക ലാഭം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിലാണെങ്കിൽ എന്തു തുക നഷ്ടമുണ്ടായി;

(ഡി) ഇവ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാഭത്തിലാണ് പ്രവർത്തിച്ചത്.

(ബി) പത്തു ലക്ഷം രൂപയുടെ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്.

(സി)&(ഡി) ഉദിക്കുന്നില്ല.

പച്ചക്കറി ഉൽപാദനം

80 (1079)ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly